"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയായ ശ്രീമതി. ബിന്ദു എസ്, അണ്ടർ സെക്രട്ടറിയായിരുന്ന വേളയിൽ, ഗവൺമെന്റ് സെക്രട്ടേറിയറ്റ് സ്റ്റാഫ് ഹൗസിംഗ് സഹകരണ സംഘത്തിൽ നടന്ന ക്രമക്കേടുമായി ബന്ധപ്പെട്ട് സസ്പെൻഷനിലായ കാലയളവ് ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.3086/2025/GAD തീയതി, തിരുവനന്തപുരം, 16-07-2025

---

പരാമർശം:-
1. 14.03.2018 - ലെ സ.ഉ. (സാധാ) നം. 1590/2018/പൊ.ഭ.വ.
2. 06.09.2018 - ലെ സ.ഉ. (സാധാ) നം. 5880/2018/പൊ.ഭ.വ.
3. 19.06.2020 - ലെ സ.ഉ. (കൈ) നം. 118/2020/പൊ.ഭ.വ.
4. ശ്രീമതി ബിന്ദു എസ് 07.09.2024 - ൽ സമർപ്പിച്ച അപേക്ഷ.

**ഉത്തരവ്**

ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയായ ശ്രീമതി. ബിന്ദു എസ്, അണ്ടർ സെക്രട്ടറി തസ്തികയിൽ സേവനമനുഷ്ഠിക്കവെ, ഗവൺമെന്റ് സെക്രട്ടേറിയറ്റ് സ്റ്റാഫ് ഹൗസിംഗ് സഹകരണ സംഘത്തിൽ നടന്ന ക്രമക്കേടുമായി ബന്ധപ്പെട്ട് പരാമർശം (1) ഉത്തരവ് പ്രകാരം ടിയാളെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും പരാമർശം (2) ഉത്തരവ് പ്രകാരം വകുപ്പുതല അന്വേഷണത്തിനു വിധേയമായി ടിയാളെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുകയുമുണ്ടായി. തുടർന്ന്, പരാമർശം (3) ഉത്തരവ് പ്രകാരം മൈനർ പെനാൽറ്റിയായി ടിയാളുടെ രണ്ട് വാർഷിക വേതന ഇൻക്രിമെന്റുകൾ രണ്ട് വർഷത്തേയ്ക്ക് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. സസ്പെൻഷനിലായ 14.03.2018 മുതൽ 07.09.2019 വരെയുള്ള കാലയളവ് ശമ്പളവും മറ്റാനുകൂല്യങ്ങളും ഉൾപ്പെടെ എല്ലാവിധത്തിലും ഡ്യൂട്ടിയായി പരിഗണിച്ച് ക്രമീകരിക്കണമെന്ന് ശ്രീമതി. ബിന്ദു എസ് പരാമർശം (4) പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

(2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയായ ശ്രീമതി. ബിന്ദു എസ്, അണ്ടർ സെക്രട്ടറി തസ്തികയിൽ സേവനമനുഷ്ഠിക്കവെ, ഗവൺമെന്റ് സെക്രട്ടേറിയറ്റ് സ്റ്റാഫ് ഹൗസിംഗ് സഹകരണ സംഘത്തിൽ നടന്ന ക്രമക്കേടുമായി ബന്ധപ്പെട്ട് സസ്പെൻഷനിലായിരുന്ന 14.03.2018 മുതൽ 05.09.2018 വരെയുള്ള സസ്പെൻഷൻ കാലയളവ്, ടി കാലയളവിലെ ശമ്പളവും ബത്തകളും ടിയാൾ ടി കാലയളവിൽ കൈപ്പറ്റിയ ഉപജീവന ബത്തയിൽ നിജപ്പെടുത്തി എല്ലാ ആവശ്യത്തിനും ഡ്യൂട്ടിയായും, 06.09.2018

മുതൽ തിരികെ ജോലിയിൽ പ്രവേശിച്ചത് വരെയുള്ള ഇടവേള കെ.എസ്.ആർ. ഭാഗം 1 ചട്ടം 56 ബി (9) - ന് ചുവടെയുള്ള കുറിപ്പ് 2 പ്രകാരം പ്രവേശന കാലമായും ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുധ .ബി
അഡിഷണൽ സെക്രട്ടറി

ശ്രീമതി. ബിന്ദു എസ്, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ് (ധനകാര്യ വകുപ്പ് മുഖാന്തിരം
ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Binu Kumar N S
Date: 16-07-2025 15:30:38
സെക്ഷൻ ഓഫീസർ